**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **2024-25 സാമ്പത്തിക വർഷത്തിലെ കേരളസംസ്ഥാന ബജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം 2, VOL 2 ൽ, ക്രമ നമ്പർ 1380 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ ഭരണാനുമതി 29/03/2025 തീയതിയിലെ സ.ഉ.(സാധാ) നം.316/2025/WRD നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്ത് പ്രവൃത്തിയുടെ കരാർ ഉടമ്പടിയിൽ എർപ്പെടുകയും കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 08/06/2026 (12 മാസം) തീയതി വരെയാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | **ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-ചെറുകിട ജലസേചനം-പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലുള്ള അമ്പാട്ട് തോട് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.316/2025/WRD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:- 1. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 04/01/2025 തീയതിയിലെ CEIA/6351/2024-DB1(SW2) നമ്പർ കത്ത്.

2. ഇ അനുമതി നമ്പർ AS/WRD/24/41659

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം 2 വോള്യം 2 ക്രമനമ്പർ 1380 പ്രകാരം ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 'പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലുള്ള അമ്പാട്ട് തോട് സംരക്ഷണഭിത്തി നിർമ്മാണം' എന്ന പ്രവൃത്തിയുടെ DSR 2018 പ്രകാരം തയ്യാറാക്കിയ ₹150,00,000/- (നൂറ്റിയൻപത് ലക്ഷം രൂപ മാത്രം) അടങ്കൽ തുക വരുന്ന (30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്) വിശദമായ പ്രോജക്ട് റിപ്പോർട്ട് പരാമർശം (1) ലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിന് 4711-01-103-99-01-00-00-P.V- Capital outlay on flood control works എന്ന ശീർഷകത്തിൽ 150ലക്ഷം രൂപ അധിക തുക വകയിരുത്തി ഭരണാനുമതി നൽകണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം 2 വോള്യം 2 ക്രമനമ്പർ 1380 പ്രകാരം ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 'പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലുള്ള അമ്പാട്ട് തോട് സംരക്ഷണഭിത്തി നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് 4711-01-103-99-01-00-00-PV- Capital outlay on flood control works ശീർഷകത്തിൽ ₹150,00,000/- (നൂറ്റിയൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ്കുമാർ കെ കെ

ജോയിന്റ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ,ജലസേചനവും ഭരണവും, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പിന് (3031063/Agri-A1/11/2025-FIN dated 15/03/2025 പ്രകാരം)
4. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 29-03-2025 13:48:33
സെക്ഷൻ ഓഫീസർ

പകർപ്പ്: ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ

Sandhya
സെക്ഷൻ ഓഫീസർ